# ജീവിതയാത്ര
Jeevitha Yatra

KRISHNAMURTI FOUNDATION INDIA | JANUARY-APRIL 2013 | RS.2/- VOL. 8 ISSUE 2

**ജെ. കൃഷ്ണമൂർത്തിയുടെ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം**

## സത്യത്തിലേക്കുള്ള കവാടം

നമുക്ക് പല കാര്യങ്ങളെക്കുറിച്ചും സംസാരിക്കാനുണ്ട്. വിദ്യാഭ്യാസം, സ്വപ്നത്തിന്റെ സൂക്ഷ്മാർത്ഥം, യാന്ത്രികവും അനുകരണശീലവുമുള്ളതായ ഒരു ലോകത്തിൽ ജീവിച്ചുകൊണ്ട്, മനസ്സിന് എപ്പോഴെങ്കിലും സ്വതന്ത്രമാകാൻ കഴിയുമോ എന്നിങ്ങനെ പലതിനെപ്പറ്റിയും. അനുയോജനത്തിൽ നിന്ന് മനസ്സിന് സ്വതന്ത്രമാകാൻ കഴിയുമോ എന്ന ചോദ്യത്തെ പരിഗണിച്ചുകൊണ്ട് നമുക്ക് ഈ പ്രശ്നത്തെ സമീപിക്കാം. അസ്തിത്വത്തിന്റെ പ്രശ്നങ്ങൾ മുഴുവൻ നമുക്ക് കൈകാര്യം ചെയ്യേണ്ടതുണ്ട്. അതിന്റെ ഏതെങ്കിലും ഒരു ഭാഗം മാത്രമല്ല, ജീവിതത്തിന്റെ സാങ്കേതിക വശമോ ഉപജീവനമാർഗ്ഗം തേടുന്ന വശമോ മാത്രമല്ല, സമൂഹത്തെ എങ്ങനെ പരിവർത്തനം ചെയ്യിക്കാം, ഒരു കലാപത്തിലൂടെ ഇത് സാദ്ധ്യമാകുമോ, അല്ലെങ്കിൽ വ്യത്യസ്തമായ ഒരു സമൂഹത്തെ അനിവാര്യമായും ആനയിക്കുന്ന ഒരാന്തരീക വിപ്ലവമുണ്ടോ എന്ന പ്രശ്നങ്ങളെല്ലാം നാം പരിഗണിക്കണം.

നാം അതിനെപ്പറ്റിയെല്ലാം ആലോചിച്ചശേഷം ധ്യാനമെന്ന വിഷയത്തിൽ എത്തിച്ചേരാം. ഇങ്ങനെ പറയുന്നതിന് നിങ്ങൾ എന്നോട് ക്ഷമിക്കുക,ധ്യാനത്തിന്റെ വിവക്ഷയെപ്പറ്റി നിങ്ങൾക്കറിമാമെന്ന് ഞാൻ കരുതുന്നില്ല. നാം അതിനെപ്പറ്റി പലതും വായിച്ചിട്ടുണ്ട്, അല്ലെങ്കിൽ അതിനെപ്പറ്റി പറഞ്ഞുകേട്ടിട്ടുണ്ട്. നാം അത് അഭ്യസിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ എനിക്ക് പറയാനുള്ളത്, നിങ്ങൾ അിറഞ്ഞതിനും അഭ്യസിച്ചതിനും അനുഭവിച്ചതിനുമെല്ലാം തികച്ചും വിരുദ്ധമായിരിക്കും. സത്യത്തെ പരിശോധിച്ച് കണ്ടെത്താൻ കഴിയില്ല. അതിനാൽ അന്വേഷണത്തിന്റെ അർത്ഥം കണ്ടുപിടിക്കണം. ഇതൊരു സങ്കീർണ്ണമായ പ്രശ്നമാണ്. ധ്യാനത്തിന് ഉയർന്ന തോതിലുള്ള സംവേദനക്ഷമത ആവശ്യമാണ്,



പ്രേരിപ്പിച്ചതോ അഭ്യസിച്ചതോ അച്ചടക്കത്താൽ സൃഷ്ടിച്ചതോ അല്ലാത്തതും മഹത്തായതുമായ നിശ്ശബ്ദത ആവശ്യമാണ്. എങ്ങനെ ജീവിക്കണമെന്ന് അിറഞ്ഞാലെ അത് സാദ്ധ്യമാവുകയുള്ളു. എന്തെന്നാൽ നാം ജീവിച്ചുകൊണ്ടിരിക്കുന്ന ദൈനംദിനജീവിതം സംഘർഷം നിറഞ്ഞതാണ്. അത് അനുവൃത്തികളുടെയും നിയന്ത്രണങ്ങളുടെയും അടിച്ചമർത്തലുകളുടെയും അവക്കെല്ലാമെതിരായ പ്രതിപ്രവർത്തനത്തിന്റെയും ഒരു പരമ്പരയാണ്.

ഒരു തരത്തിലുമുള്ള ഹിംസയില്ലാതെ എങ്ങനെ ജീവിക്കാമെന്ന പ്രശ്നമുണ്ട്. ഹിംസയെന്തെന്ന് മനസ്സിലാക്കുകയും അതിൽനിന്ന് വിമുക്തമാവുകയും ചെയ്യാതെ ധ്യാനം സാദ്ധ്യമല്ല. നിങ്ങൾക്കതിനെവച്ച് കളിക്കാം. എങ്ങനെ ഇരിക്കണമെന്നും, എങ്ങനെ പ്രാണായാമം ചെയ്യണമെന്നും പഠിക്കാൻ ഹിമാലയത്തിൽ പോകാം, അല്പസ്വല്പം യോഗ അഭ്യസിക്കാം, അപ്രകാരം ധ്യാനം പഠിച്ചുവെന്ന് കരുതാം. പക്ഷെ ഇതെല്ലാം ബാലിശങ്ങളാണ്. ധ്യാനമെന്ന ആ അസാധാരണമായ അവസ്ഥയിൽ എത്തിച്ചേരണമെങ്കിൽ, മനസ്സ് ഹിംസയിൽ നിന്ന്

☞ 2

## സത്യത്തിന്റെ സൗന്ദര്യം

തകർന്നടിഞ്ഞ ഒരു ക്ഷേത്രമായിരുന്നു അത് – മേൽക്കൂരയില്ലാത്ത നീണ്ട ഇടനാഴികളും കവാടങ്ങളും ശിരസ്സറ്റ പ്രതിമകളും വിജനമായ അങ്കണങ്ങളുമുള്ള ഒരു ക്ഷേത്രം. അത് പക്ഷികൾക്കും കുരങ്ങന്മാർക്കും കിളികൾക്കും പ്രാവുകൾക്കും അഭയസ്ഥാനമായി. ശിരസ്സറ്റ പ്രതിമകളിൽ ചിലത് അവയുടെ സൗന്ദര്യത്താൽ ഇപ്പോഴും ഗാംഭീര്യം നിലനിർത്തുന്നുണ്ട്. അവയ്ക്കിപ്പോഴും ഒരു കുലീനതയുണ്ട്. ആ സ്ഥലമാകെ ആശ്ചര്യകരമാംവിധം വൃത്തിയുള്ളതായിരുന്നു; ആർക്കും കുരങ്ങന്മാരെയും ചിലയ്ക്കുന്ന പക്ഷികളെയും കാണാൻ ആ തറയിൽ ഇരിക്കാമായിരുന്നു. വളരെ വർഷങ്ങൾക്കുമുൻപ് ഒരു കാലത്ത്, ആ ക്ഷേത്രം മാലകളും ധൂപങ്ങളും പ്രാർത്ഥനകളുമായെത്തുന്ന ആയിരക്കണക്കിനു ഭക്തന്മാരെക്കൊണ്ടു നിറഞ്ഞിരുന്നിരിക്കണം. അവരുടെ ആശകളും ഭയങ്ങളും ആദരവും ഉൾക്കൊള്ളുന്ന ആ അന്തരീക്ഷം ഇപ്പോഴും അവിടെയുണ്ട്. വളരെമുമ്പേ ആ പവിത്രമായ ശ്രീകോവിൽ തകർന്നുപോയി. ഇപ്പോൾ, ചൂടേറിയപ്പോഴേക്കും കുരങ്ങന്മാർ എങ്ങോട്ടോ പോയി. എന്നാൽ കിളികളും പ്രവുകളും ആ ഉയർന്ന ചുവരിന്റെ ദ്വാരങ്ങളിലും, വിള്ളലുകളിലും കൂടുകെട്ടിയിരുന്നു. ഈ പഴയ തകർന്ന ക്ഷേത്രം കൂടുതൽ തകർക്കാൻ കഴിയാത്തവിധം ഗ്രാമീണരിൽനിന്നു ദൂരത്തിലാണ്. അവർ വന്നിരുന്നെങ്കിൽ ഈ ശൂന്യതയെ അവർ മലിനമാക്കുമായിരുന്നു.

മതം, അന്ധവിശ്വാസങ്ങളും വിഗ്രഹാരാധനയും വിശ്വാസവും ചടങ്ങുകളും ആയിത്തീർന്നിരിക്കുന്നു. സത്യത്തിന്റെ സൗന്ദര്യം അതിനു നഷ്ടമായിരിക്കുന്നു. യാഥാർത്ഥ്യത്തിന്റെ സ്ഥാനത്തിപ്പോൾ ധൂപമാണ്. പ്രത്യക്ഷബോധത്തിനു

*അഞ്ചാം പേജിൽ തുടർച്ച*

# സത്യത്തിലേക്കുള്ള കവാടം

പൂർണ്ണമായും മുക്തമായിരിക്കണം. ധ്യാനമെന്ന് വിളിക്കപ്പെടുന്ന കാല്പനികമായ ഒരുതരം ജാഡ്യാവസ്ഥയിൽ ലയിച്ചുപോകാതെ, ഹിംസയേക്കുറിച്ച് ചർച്ചചെയ്യുന്നതും അതിൽനിന്ന് വിമുക്തമാവാൻ കഴിയുമോ എന്നു നോക്കേണ്ടതും ഗുണപ്രദമായിരിക്കും.

മനുഷ്യന് എന്തുകൊണ്ടാണ് അക്രമവാസനയുള്ളതെന്ന് നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. നരവംശശാസ്ത്രജ്ഞന്മാർ അതിന് വിശദീകരണം നൽകുന്നുണ്ട്. ഓരോ വിദഗ്ദ്ധനും തന്റേതായ ശൈലിയിൽ വിശദീകരിക്കുന്നു. മനുഷ്യൻ ഹിംസാത്മകരാണെന്ന് യുക്തിയുക്തമായി നമുക്ക് മിക്കവർക്കും അറിയാവുന്ന കാര്യത്തെ അവർ വിപുലീകരിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നു. യുദ്ധം നടത്തുകയും മറ്റുള്ളവരെ കൊല്ലുകയും ചെയ്യുന്ന പ്രക്രിയയാണ് ഹിംസയെന്ന് നാം കരുതുന്നു. യുദ്ധത്തെ നാമൊരു ജീവിതമാർഗ്ഗമായി അംഗീകരിച്ചിട്ടുണ്ട്. അംഗീകരിച്ചതുകൊണ്ട് നാം അതിനെക്കുറിച്ച് ഒന്നും ചെയ്യുന്നില്ല. യാദൃച്ഛികമായോ അർപ്പിത മനസ്സോടെയോ നാം സ്വന്തം ജീവിതത്തിന്റെ ഒരു ഭാഗത്തിൽ സമാധാനവാദികളായിത്തീരാം; എന്നാൽ ബാക്കി ഭാഗത്തിൽ നാം സംഘർഷഭരിതരാണ്, അതിമോഹികളാണ്, മത്സരബുദ്ധിയുള്ളവരാണ്. നാം കഠിനമായി പ്രയത്നിക്കുന്നു. അത്തരം കഠിനപ്രയത്നം സംഘർഷത്തേയും തന്മൂലം ഹിംസയേയും സൂചിപ്പിക്കുന്നു. കരുതിക്കൂട്ടിയതോ അല്ലാത്തതോ ആയ ഏതൊരുതരം അനുരൂപണവും ഏതൊരുതരം വൈരൂപ്യവും ഹിംസയാണ്. ഏതെങ്കിലുമൊരു മാതൃകയെ, ഒരാദർശത്തെ, ഒരു തത്ത്വത്തെ മുൻനിർത്തി സ്വയം അച്ചടക്കം പാലിക്കുന്നത് ഒരുതരം ഹിംസയാണ്. ഉള്ളത് എന്നതിനെ മനസ്സിലാക്കി അതിനപ്പുറം പോകാത്ത വൈരൂപ്യാവസ്ഥയും ഹിംസയാണ്. എന്നാലും സംഘർഷമില്ലാതെ, എതിർപ്പില്ലാതെ ഒരാളിലുള്ള ഹിംസാത്മകതയെ അവസാനിപ്പിക്കാൻ കഴിയുമോ?

ഹിംസയിൽ അധിഷ്ടിതമായ ഒരു സമുദായത്തിലും സദാചാരത്തിലും പരിചിതരാണ് നാം. നമുക്ക് എല്ലാവർക്കും ഇതറിയാം. ചെറുപ്പം മുതൽ ബോധപൂർവ്വമോ അബോധപൂർവ്വമോ ആക്രമണകാരികളാവാനും അനുയോജ്യമാവാനും അനുകരിക്കാനും നാം പഠിപ്പിക്കപ്പെടുന്നു. അതിൽനിന്ന് എങ്ങനെ രക്ഷപ്പെടാമെന്ന് നമുക്കറിയില്ല. അത് സാദ്ധ്യമല്ലെന്നും, മനുഷ്യൻ അനിവാര്യമായും അക്രമണകാരികളായിരിക്കണമെന്നും, നാം നമ്മോടുതന്നെ പറയുന്നു. നമുക്ക് ഹിംസയുടെ മുഴുവൻ പ്രശ്നത്തെയും പരിഗണിക്കണം. എന്തെന്നാൽ, ഹിംസയെപ്പറ്റിയും ഭയത്തെപ്പറ്റിയും അറിയാതെ എങ്ങനെ സ്നേഹമുണ്ടാവും? സമൂഹത്തോടും ഒരു തത്ത്വത്തോടും ഒട്ടും തന്നെ ധാർമ്മികമല്ലാത്ത സദാചാരത്തോടുമുള്ള അനുയോജനത്തെ അംഗീകരിച്ചിട്ടുള്ള ഒരു മനസ്സ്, മതങ്ങളാൽ ശീലവിധേയമാക്കപ്പെട്ട ഒരു മനസ്സിന് – അതായത് ദൈവമെന്ന ഒരു ആശയത്തെ സ്വീകരിച്ചിട്ടുള്ളതോ തിരസ്കരിച്ചിട്ടുള്ളതോ ആയ മനസ്സിന് – യാതൊരു പോരാട്ടവും എതിർപ്പുമില്ലാതെ എങ്ങനെ സ്വതന്ത്രമാവാൻ കഴിയും? അക്രമം കൂടുതൽ അക്രമമുണ്ടാക്കുന്നു. എതിർപ്പ് മറ്റുതരത്തിലുള്ള വൈകൃതങ്ങളെ മാത്രമേ സൃഷ്ടിക്കുന്നുള്ളു.

പുസ്തകങ്ങൾ വായിക്കാതെ, പ്രൊഫസർമാരുടെ അല്ലെങ്കിൽ സന്യാസിമാരുടെ പ്രസംഗങ്ങൾ കേൾക്കാതെ, ഒരാൾക്ക് സ്വന്തം മനസ്സിനെ നിരീക്ഷിക്കാൻ കഴിയും. എന്തൊക്കെയായാലും അതുതന്നെയാണ് സ്വീയജ്ഞാനത്തിന്റെ ആരംഭം – മനഃശാസ്ത്രജ്ഞന്റെയോ അപഗ്രഥനത്തിന്റെയോ വീക്ഷണത്തിലൂടെയല്ലാതെ തന്നെത്തന്നെ നിരീക്ഷിച്ച് അറിയുക. മനസ്സ് എത്രത്തോളം ശക്തമായി ശീലവിധേയമാക്കപ്പെട്ടിരിക്കുന്നുവെന്ന് നമുക്ക് കാണാം; ദേശീയബോധമുണ്ട്, വംശീയ വർഗ്ഗീയ വ്യത്യാസങ്ങളുണ്ട്; അങ്ങനെ പലതും. ഒരാൾക്ക് അവയെക്കുറിച്ച് അവബോധമുണ്ടാകുമ്പോൾ, അയാൾക്ക് ഈ ശീലവിധേയത്വത്തെപ്പറ്റി ബോധ്യമാവും; ശൈശവം മുതൽക്ക്, നൂറ്റാണ്ടുകളായി നമ്മെ രൂപപ്പെടുത്തപ്പെട്ട, ദൈവത്തിന്റെ, കമ്മ്യൂണിസത്തിന്റെ അങ്ങനെ പലതിന്റെയും പേരിൽ നടക്കുന്ന വമ്പിച്ച പ്രചാരണങ്ങളെക്കുറിച്ച് ബോധ്യമാവും. അതിനെക്കുറിച്ചുള്ള അവബോധമുണ്ടായി, ശീലവിധേയത്വത്തിൽ നിന്നും അനുവൃത്തികളിൽ നിന്നും മോചിതമാവുകയും അപ്രകാരം സ്വാതന്ത്ര്യം കൈവരിക്കാനും മനസ്സിനു കഴിയുമോ?

ഇതെങ്ങിനെയാണ് ചെയ്യുക? നമ്മുടെ മനസ്സ് ഉപരിപ്ലവമായി മാത്രമല്ല അഗാധതലത്തിലും കഠിനമായി ശീലവിധേയമാക്കപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ച് എനിക്കോ നിങ്ങൾക്കോ എങ്ങനെ അവബോധമുണ്ടാക്കാൻ കഴിയും? എങ്ങനെ ഈ ശീലവിധേയത്വത്തെ തകർക്കാൻ കഴിയും? അത് സാദ്ധ്യമല്ലെങ്കിൽ നാം എന്നെന്നും അനുവൃത്തിയിൽ കഴിയേണ്ടതായിവരും. ഒരു പുതിയ മാതൃക, ഒരു പുതിയ സാമൂഹ്യഘടന, അല്ലെങ്കിൽ ഒരു പുതിയ വിശ്വാസം, പുതിയ സിദ്ധാന്തങ്ങൾ, പുതിയ പ്രചരണതന്ത്രങ്ങൾ ഉണ്ടാവുമെങ്കിലും, അത് അപ്പോഴും അനുയോജനമായിരിക്കും. ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യപരിവർത്തനം ഉണ്ടാകണമെങ്കിൽ കുട്ടികൾ യോജിച്ച് പോകാനായി വളർത്തപ്പെടാതിരിക്കാനുള്ള വ്യത്യസ്തമായ ഒരു വിദ്യാഭ്യാസം വേണം.

അതിനാൽ ഈ ചോദ്യം ഉയരുന്നു: മനസ്സ്, എങ്ങനെ ശീലവിധേയത്വങ്ങളിൽ നിന്ന് സ്വയം വിമുക്തമാവും? നിങ്ങൾ അതിന് ശ്രമിച്ചിട്ടുണ്ടോ? അതിനെപ്പറ്റി ബോധപൂർവ്വമായി മാത്രമല്ല, ബോധമണ്ഡലത്തിന്റെ അഗാധതലത്തിലേക്ക് ഇറങ്ങിച്ചെന്ന് ഗാഢമായി ചിന്തിച്ചിട്ടുണ്ടോ എന്നെനിക്കറിയില്ല. യാഥാർത്ഥത്തിൽ ഈ രണ്ട് തലങ്ങൾക്കിടയിൽ ഒരു വിടവുണ്ടോ? അതോ ഒരു പ്രത്യേക സമൂഹത്തിന്റെയോ സംസ്ക്കാരത്തിന്റെയോ അവകാശപ്പെടലുകൾക്ക് യോജിച്ചവിധം പരിശീലിക്കപ്പെട്ട മനസ്സിന്റെ ഉപരിപ്ലവവൃത്തിയെക്കുറിച്ച് മാത്രം ബോധവാന്മാരായിരിക്കുന്ന ഒരു ചലനം മാത്രമാണോ?

മുമ്പൊരിക്കൽ പറഞ്ഞതുപോലെ, നാം ഏതാനും വാക്കുകൾ ശ്രദ്ധിക്കുക മാത്രമല്ല ചെയ്യുന്നത്; കാരണം അതിനു യാതൊരു വിലയുമില്ല. ഈ സംവാദത്തിൽ പങ്കെടുക്കുകയും ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, പൂർണ്ണമായ ഈ ചലനത്തെ വിഭജനമല്ലാതെ വേർപെടലല്ലാതെ എങ്ങനെ നിരീക്ഷിക്കണമെന്ന് നിങ്ങൾക്ക് സ്വയം കണ്ടെത്താൻ കഴിയും. എവിടെ ഏതെങ്കിലും തരത്തിലുള്ള വിഭജനമുണ്ടോ; വർഗ്ഗപരവും ബുദ്ധിപരവും വികാരപരവുമായ വിഭജനം, ഞാനെന്നും ഞാനല്ലാത്തതെന്നും, ആത്മാവും

# സത്യത്തിലേക്കുള്ള കവാടം

അനാത്മാവുമെന്ന വിഭജനമുണ്ടോ, അവിടെ അനിവാര്യമായും സംഘർഷമുണ്ടായിരിക്കും. സംഘർഷം ഊർജ്ജത്തിന്റെ പാഴാക്കലാണ്. നാമിവിടെ ചർച്ചചെയ്യുന്നതെല്ലാം മനസ്സിലാക്കാൻ നിങ്ങൾക്ക് വളരെയധികം ഊർജ്ജം ആവശ്യമാണ്.

മനസ്സ് ശീലവിധേയമാക്കപ്പെട്ടതിനാൽ നിരീക്ഷകനെന്നും നിരീക്ഷിതവസ്തുവെന്നുമുള്ള വേർതിരിവില്ലാതെ അതിനെങ്ങനെ സ്വയം നിരീക്ഷിക്കാൻ കഴിയും? നിരീക്ഷകനും നിരീക്ഷിതവസ്തുവും തമ്മിലുള്ള അകലവും ദൂരവും സമയവും വൈരുദ്ധ്യമാണ്, വിഭജനത്തിന്റെ സാരാംശം തന്നെയാണ്. അതിനാൽ നിരീക്ഷകൻ നിരീക്ഷിതവസ്തുവിൽനിന്ന് തന്നെ അകറ്റിനിർത്തുമ്പോൾ, അയാൾ ഗുണദോഷവിവേചകൻ ആയിട്ടുമാത്രമല്ല പ്രവർത്തിക്കുന്നത്, കൂടാതെ അയാൾ ദ്വൈതഭാവവും; അതിലൂടെ സംഘർഷവും കൊണ്ടുവരുന്നു.

അതിനാൽ, നിരീക്ഷകൻ, നിരീക്ഷിതവസ്തു എന്ന വിഭജനമില്ലാതെ മനസ്സിന് അതിനെത്തന്നെ നിരീക്ഷിക്കാൻ കഴിയുമോ? നിങ്ങൾ ഈ പ്രശ്നം മനസ്സിലാക്കുന്നുണ്ടോ? നിങ്ങൾ അസൂയാലുവാണെന്ന് കാണുകയും അതിനെപ്പറ്റി ബോധവാനാവുകയും ചെയ്യുമ്പോൾ – അതൊരു സാധാരണ അവസ്ഥയാണ് – ഞാൻ അസൂയാലുവാകരുത് എന്നു പറയുന്ന ഒരു നിരീക്ഷകൻ എപ്പോഴുമുണ്ട്. അല്ലെങ്കിൽ ആ നിരീക്ഷകൻ അസൂയാലുവായിരിക്കുന്നതിന് കാരണം നൽകുന്നു. അതിനെ ന്യായീകരിക്കുന്നു, അല്ലേ? അവിടെ നിരീക്ഷകനും നിരീക്ഷിതവസ്തുവും ഉണ്ട്. നിരീക്ഷകൻ അസൂയയെ തന്നിൽനിന്നും വേറിട്ട നിലയിൽ കാണുന്നു. അതിനെ നിയന്ത്രിക്കാനും തള്ളിനീക്കാനും ശ്രമിക്കുന്നു. അതിനാൽ നിരീക്ഷകനും നിരീക്ഷിതവസ്തുവും തമ്മിൽ സംഘർഷമുണ്ടാകുന്നു. പല ഖണ്ഡങ്ങൾ ചേർന്ന നമ്മുടെ ഒരു ഖണ്ഡം മാത്രമാണ് നിരീക്ഷകൻ.

നാം പരസ്പരം ആശയങ്ങൾ കൈമാറുന്നുണ്ടോ? ആശയം കൈമാറുകയെന്നാൽ എന്താണെന്ന് നിങ്ങൾ അറിയുന്നുണ്ടോ? ഒരുമിച്ച് പങ്കിടുകയെന്നാണ് അത്, അല്ലാതെ വാചികമായോ ബുദ്ധിപരമായോ മനസ്സിലാക്കുകയല്ല. വല്ലതിനേയും ബുദ്ധിപരമായി ഗ്രഹിക്കുക എന്നൊരു കാര്യംതന്നെയില്ല – പ്രത്യേകിച്ചും മുഖ്യമായ, അടിസ്ഥാനപരമായ മാനുഷ്യപ്രശ്നങ്ങളെ പരിഗണിക്കുമ്പോൾ.

ഏതുതരത്തിലുള്ള ഭിന്നതയും അനിവാര്യമായും സംഘർഷത്തെ ഉളവാക്കുമെന്ന സത്യം നിങ്ങൾ യാഥാർത്ഥത്തിൽ മനസ്സിലാക്കിയാൽ, അത് ഊർജ്ജത്തിന്റെ പാഴാക്കലാണെന്ന് നിങ്ങൾ കാണും. അത് വൈരൂപ്യത്തിനും ഹിംസയ്ക്കും സംഘർഷത്തിനും പിറകേ വരുന്ന സകലതിനും കാരണമാകുന്നു. ഈ സത്യം വാക്കുകളിലൂടെയല്ലാതെ, യഥാർത്ഥത്തിൽ മനസ്സിലാക്കിയാൽ, നിരീക്ഷകന്റേയും നിരീക്ഷിതവസ്തുവിന്റേയും ഇടയ്ക്ക് കാലവും അകലവുമില്ലാതെ എങ്ങനെ നിരീക്ഷിക്കാമെന്ന് നിങ്ങൾക്ക് മനസ്സിലാവും. അപ്പോൾ നിങ്ങളുടെ ഉള്ളിലും ലോകത്തിലുമുള്ള ശീലവിധേയത്വത്തേയും ഹിംസയേയും മർദ്ദനങ്ങളെയും മൃഗീയതകളെയും, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മറ്റു ഭയാനക സംഭവങ്ങളെയും എങ്ങനെ കാണാമെന്ന് മനസ്സിലാവും. നാം പറയുമ്പോൾ നിങ്ങളിത് ചെയ്യുന്നുണ്ടോ? "ഉണ്ട്" എന്ന് ദയവുചെയ്ത് പറയരുത്. കാരണം, ഇത് ചെയ്യുന്നത് – നിരീക്ഷകനില്ലാതെ, വാക്യകാരനില്ലാതെ, ഭൂതകാലത്തിന്റെ അറിവ് ഉൾക്കൊള്ളുന്ന സത്തയില്ലാതെ, നിരീക്ഷകനും നിരീക്ഷിതവസ്തുവിനും ഇടയിലുള്ള വിടവില്ലാതെ കാണുകയെന്നത് – ഏറ്റവും പ്രയാസമുള്ള കാര്യങ്ങളിലൊന്നാണ്. എങ്കിലും അങ്ങനെ ചെയ്യുക; ഒരു വൃക്ഷത്തെ, മേഘത്തെ, ചൈത്രകാല മനോഹാരിതയെ, ഒരു പുതിയ ഇലയെ നിരീക്ഷിക്കുക. അപ്പോൾ അത് എത്ര അപൂർവ്വമായൊരു വസ്തുവാണെന്ന് നിങ്ങൾ അറിയും. അതേസമയം, നിങ്ങൾ ഒരിക്കലും ഒരു വൃക്ഷത്തെ കണ്ടിട്ടില്ലെന്നും അറിയും!

നിങ്ങൾ നിരീക്ഷിക്കുമ്പോൾ ഒരു ബിംബത്തോടെ അല്ലെങ്കിൽ ഒരു ബിംബത്തിലൂടെയാണ് എല്ലായ്പ്പോഴും നിരീക്ഷിക്കുന്നത്. നിങ്ങൾ ഒരു മരത്തെ അല്ലെങ്കിൽ നിങ്ങളുടെ ഭാര്യയെ അല്ലെങ്കിൽ ഭർത്താവിനെ നോക്കുമ്പോൾ, നിങ്ങളുടെ മനസ്സിൽ അറിവിന്റെ രൂപത്തിൽ ഒരു ബിംബമുണ്ട്. അയാൾ എങ്ങിനെയാണെന്നും അവളെങ്ങിനെയാണെന്നും, ഇരുപതോ മുപ്പതോ നാല്പതോ കൊല്ലങ്ങളായി നിർമ്മിക്കപ്പെട്ട ബിംബങ്ങളുണ്ട്. അപ്പോൾ ഒരു ബിംബം മറ്റൊരു ബിംബത്തെ നോക്കുന്നു. ഈ ബിംബങ്ങൾക്ക് അവയുടേതായ പരസ്പര ബന്ധമുണ്ട്. അതിനാൽ യഥാർത്ഥമായ ബന്ധമില്ല. ഈ ലളിതമായ സത്യം അറിയുക: അതായത്, നാം ജീവിതത്തിൽ എല്ലാറ്റിനേയും കാണുന്നത് ഒരു ബിംബത്തോടുകൂടിയാണ്, മുൻവിധിയോടെയാണ്, മുൻധാരണകളോടെയാണ്. നാം പുതിയ കണ്ണുകളോടെ നോക്കുന്നില്ല; നമ്മുടെ മനസ്സിന് ഒരിക്കലും യുവത്വം ഉണ്ടാകുന്നില്ല.

അതിനാൽ ഹിംസയുടെ ഭാഗമായ നമ്മെ സ്വയം നിരീക്ഷിക്കണം. നമ്മുടെ ഏകാന്തത ഉളവാക്കുന്ന ദുഃഖവും, സ്നേഹശൂന്യതയും, നിരാശയും, ഭയവും, ഇച്ഛാഭംഗവും ചേർന്ന സന്തോഷത്തിനു വേണ്ടിയുള്ള പരക്കംപാച്ചിലും എല്ലാം നിരീക്ഷിക്കണം. നിരീക്ഷകനില്ലാതെ സ്വന്തം മാനസിക ഘടനയെ നിരീക്ഷിക്കാൻ, എന്തു വൈരീത്യമോ, ന്യായീകരണമോ, നിന്ദിക്കലോ, താരതമ്യമോ ഇല്ലാതെ നോക്കാൻ, (ഇവയെല്ലാം നിരീക്ഷകന്റെ, ഞാനും ഞാനല്ലാത്തതിന്റെയും ചലനങ്ങളാണ്) ഏറ്റവുമധികമായ ശിക്ഷണം ആവശ്യമാണ്. അനുയോജനം, നിർബന്ധം എന്ന അർത്ഥത്തിലല്ല "ശിക്ഷണം" എന്ന വാക്ക് ഞാനുപയോഗിക്കുന്നത്; പാരിതോഷികങ്ങളും ദണ്ഡനമുറകളും നൽകി നടപ്പാക്കുന്ന ശിക്ഷണമല്ല ഞാനിവിടെ വിവക്ഷിക്കുന്നത്. ഏതൊരു വസ്തുവിനെ – ഭാര്യയെ, അയൽക്കാരനെ, അല്ലെങ്കിൽ മേഘത്തെ – കാണാനും അത്യധികം സംവേദനക്ഷമതയുള്ള ഒരു മനസ്സുണ്ടായിരിക്കണം. ഇങ്ങനെയുള്ള നിരീക്ഷണം അതിന്റേതായ ശിക്ഷണം കൊണ്ടുവരുന്നു. അത് അനുയോജനത്തിന് വിരുദ്ധമായിരിക്കും. അതിനാൽ ശ്രേഷ്ഠമായ ശിക്ഷണം, ശിക്ഷണത്തിന്റെ അഭാവമാണ്.

അതിനാൽ ഹിംസയെന്ന വസ്തുവിനെ വിഭജനമില്ലാതെ, നിരീക്ഷകനില്ലാതെ നിരീക്ഷിക്കുകയെന്നത് ശീലവിധേയത്വത്തെയും, വിശ്വാസത്തിന്റെ ഘടനയേയും, അഭിപ്രായങ്ങളെയും, മുൻവിധികളെയും കാണുകയെന്നത്, നിങ്ങളെന്താണോ എന്നതിനെ കാണുകയെന്നതാണ്. അതാണ് "ഉള്ളത്". നിങ്ങളത് കാണുകയും അവിടെ വേർതിരിവുണ്ടാകു

# സത്യത്തിലേക്കുള്ള കവാടം

കയും ചെയ്യുമ്പോൾ, നിങ്ങൾ പറയും: “ഒരു മാറ്റവും സാദ്ധ്യമല്ല. മനുഷ്യൻ ഈ രീതിയിൽ, ആയിരത്താണ്ടുകൾ ജീവിച്ചുവന്നിട്ടുണ്ട്. ഇന്നും ഇങ്ങനെ ജീവിച്ചുവരുന്നു”. “അത് സാദ്ധ്യമല്ല” എന്നു പറയുമ്പോൾ നിങ്ങൾക്ക് ഊർജ്ജം നഷ്ടപ്പെടുന്നു. സാദ്ധ്യമായതിനെ ഉദാത്തമായ രീതിയിൽ കാണുമ്പോഴേ നിങ്ങൾക്ക് ഊർജ്ജമുണ്ടാവുകയുള്ളു.

അതിനാൽ നിങ്ങൾ ഉള്ളതിനെ നിരീക്ഷിക്കണം, അല്ലാതെ ഉള്ളതിനെക്കുറിച്ചുള്ള നിങ്ങളുടെ പ്രതിരൂപത്തെയല്ല. “അത് സുന്ദരമാണ്”, അല്ലെങ്കിൽ “അത് വിരൂപമാണ്” എന്നു പറയാതെ, നിങ്ങൾ യഥാർത്ഥത്തിൽ എന്താണോ അതിനെ നിരീക്ഷിക്കണം. മറ്റൊന്നിനോട് താരതമ്യപ്പെടുത്തിയാണ് നിങ്ങളാരാണെന്ന് നിങ്ങൾ അറിയുന്നത്. ബുദ്ധിമാനായ, ഊർജ്ജസ്വലതയുള്ള ഒരാളുമായി താരതമ്യപ്പെടുത്തിയാണ്, “ഞാനൊരു മണ്ടനാണ്” എന്ന് നിങ്ങൾ പറയുന്നത്. നിങ്ങളെ മറ്റൊരാളുമായി, മറ്റൊരു വസ്തുവുമായി താരതമ്യപ്പെടുത്താതെ ജീവിക്കാൻ നിങ്ങൾ എപ്പോഴെങ്കിലും ശ്രമിച്ചിട്ടുണ്ടോ? നിങ്ങൾ അപ്പോൾ ആരാണ്? അപ്പോൾ ഉള്ളത് എന്താണോ അതാണ് നിങ്ങൾ. അപ്പോൾ നിങ്ങൾക്ക് അതിനപ്പുറം പോകാം, സത്യമെന്തെന്ന് കണ്ടെത്താം. അതിനാൽ ശീലവിധേയത്വങ്ങളിൽ നിന്നും മനസ്സിനെ മോചിപ്പിക്കുകയെന്ന ഈ പ്രശ്നം, മനസ്സ് എങ്ങനെ നിരീക്ഷീക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും.

സ്നേഹമെന്താണെന്ന പ്രശ്നത്തിലേക്ക് നിങ്ങളെപ്പോഴെങ്കിലും കടന്നിട്ടുണ്ടോ? അതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ? അന്വേഷിച്ചിട്ടുണ്ടോ? സ്നേഹമെന്നാൽ സന്തോഷമാണോ? സ്നേഹമെന്നാൽ ആഗ്രഹമാണോ? സ്നേഹമെന്നാൽ പരിപോഷിപ്പിക്കേണ്ട വല്ലതുമാണോ? സമുദായത്താൽ മാന്യമാക്കപ്പെട്ടതാണോ? സ്നേഹം സന്തോഷമാണെങ്കിൽ-കണ്ടിടത്തോളം അത് അങ്ങനെയാണെന്ന് തോന്നുന്നു — അത് സ്നേഹമാണോ? ലൈംഗീകസുഖം മാത്രമല്ല സദാചാരപരമായ സുഖവും അതിൽപ്പെടുന്നു. വിജയത്തിലും നേട്ടങ്ങളിലുമുള്ള സന്തോഷം, വല്ലവനുമായിരിക്കുന്നതിലോ ആയിത്തീരുന്നതിലോ ഉള്ള സന്തോഷം – അതിൽ മത്സരവും അനുയോജനവുമുണ്ട് – ഇവയൊക്കെ സ്നേഹമാണോ? അതിമോഹിയായ ഒരാൾക്ക്, “ഞാൻ സത്യം കണ്ടെത്തണം” എന്നു പറഞ്ഞ് സത്യത്തിനെ പിന്തുടരുന്ന ആൾക്കുപോലും സ്നേഹമെന്തെന്നറിയാൻ സാദ്ധ്യമാണോ?

യുക്തിപൂർവ്വം, നാമതിനെക്കുറിച്ച് അന്വേഷിക്കേണ്ടതില്ലേ? അതായത്, സ്നേഹം “എന്തല്ല” എന്ന് കണ്ടെത്തണം. നിഷേധത്തിലൂടെയാണ് അനുകൂലാവസ്ഥയിൽ (positive) എത്തിച്ചേരുന്നത്. സ്നേഹമില്ലാത്തതിനെ നിഷേധിക്കണം. അസൂയ സ്നേഹമല്ല. ലൈംഗികമോ മറ്റുവല്ലതുമോ ആയ സന്തോഷത്തിന്റെ ഓർമ്മ സ്നേഹമല്ല. ധാർമ്മികബോധം അഭ്യസിക്കുന്നതും ശ്രേഷ്ഠനാകാനുള്ള യത്നവും സ്നേഹമല്ല. “ഞാൻ നിന്നെ സ്നേഹിക്കുന്നു” എന്നു പറയുമ്പോൾ അതിന്റെ അർത്ഥമെന്ത്? അവളെക്കുറിച്ച് അല്ലെങ്കിൽ അവനെക്കുറിച്ച് നിങ്ങൾ സൃഷ്ടിച്ച ബിംബം, ലൈംഗികാനുഭൂതികൾ, സുഖം, സഖിത്വം, ഒരിക്കലും തനിച്ചാവാതിരിക്കുക, തനിച്ചാവുന്നതിലുള്ള ഭയം, എപ്പോഴും സ്നേഹിക്കപ്പെടാനുള്ള ത്വര, സ്വന്തമാക്കാൻ, സ്വന്തമാക്കപ്പെടാൻ, അവകാശപ്പെടാൻ, അധികാരം ചെലുത്താനുള്ള ആഗ്രഹം, ആക്രമണ പ്രവണത – ഇവയെല്ലാം സ്നേഹമാണോ? ഇവയുടെ അർത്ഥശൂന്യത, വാചികമായല്ലാതെ യഥാർത്ഥമായി ബോദ്ധ്യപ്പെട്ടാൽ ഇവയെല്ലാം ഭയത്തിൽനിന്നുണ്ടായതാണെന്നു കാണാം. സ്നേഹത്തെക്കുറിച്ച് നാം പല അസംബന്ധങ്ങൾ പറയുന്നുണ്ട്. – രാജ്യസ്നേഹം, ഈശ്വരസ്നേഹം, ലൈംഗികത അങ്ങനെ പലതും. (നാം ലൈംഗികതയെ നിന്ദിക്കുന്നില്ല, വെറുതെ നിരിക്ഷിക്കുക മാത്രമാണ്.) ഇവയുടെയെല്ലാം വൈകാരികതലങ്ങൾ കാണുമ്പോൾ, ഇവയെ ഉള്ളപടി നിരീക്ഷിക്കുമ്പോൾ നിങ്ങളുടെ ഈശ്വരസ്നേഹം ഭയത്തിൽനിന്നും ജനിച്ച സ്നേഹമാണെന്നും, നിങ്ങളുടെ വാരാന്തര മതം ഭയമാണെന്നും നിങ്ങൾ മനസ്സിലാക്കും. അതിനെ പൂർണ്ണമായി കാണുകയെന്നത് വിഭജനത്തിന്റെ അഭാവമാണ്. എവിടെ വിഭജനമില്ലാതിരിക്കുന്നുവോ അവിടെ നന്മയുണ്ട്. നന്മ, പാടുപെട്ട് ഉണ്ടാക്കേണ്ടതില്ല. സ്നേഹമെന്നു വിളിക്കപ്പെടുന്ന ഈ വസ്തുവിനെ കാണാൻ അതിന്റെ ന്യൂനതകളും, സങ്കുചിതത്വവും സാധാരണത്വവും കാണാൻ മനസ്സിന് – മസ്തിഷ്കം ഉൾക്കൊള്ളുന്ന ഈ മുഴുവൻ ഘടനയ്ക്ക് – പൂർണ്ണമായി നിരീക്ഷിക്കാൻ കഴിയുമോ? അത് നിരീക്ഷിക്കണമെങ്കിൽ, സ്നേഹമില്ലാത്തതെല്ലാം നിഷേധിക്കണം.

നിങ്ങൾക്കറിയാമോ, ആനന്ദവും സന്തോഷവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. നിങ്ങൾക്ക് സന്തോഷത്തെ പോഷിപ്പിക്കാം, അതിനെപ്പറ്റി ധാരാളം ചിന്തിക്കാം, അയവിറക്കാം. നാളെ ആ അനുഭവം ആവർത്തിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. സന്തോഷത്തിൽ ഒരു നിമിത്തകാരണമുണ്ട്. അതിൽ കൈവശപ്പെടുത്താനും, അധികാരം സ്ഥാപിക്കാനും, അനുയോജിക്കാനുമുള്ള ത്വരയുണ്ട്. അനുയോജനത്തിൽ അത്യധികം സന്തോഷമുണ്ട്. ഹിറ്റ്ലർ, മുസ്സോളിനി, സ്റ്റാലിൻ എന്നിവർ ജനങ്ങളെ അനുസരിപ്പിച്ചു. കാരണം അതിൽ സുരക്ഷിതാവസ്ഥയും ഭദ്രതയുമുണ്ട്. അതെല്ലാം നിങ്ങൾ കാണുകയും അതിൽനിന്ന് വാചികമായല്ലാതെ, യഥാർത്ഥത്തിൽ മുക്തനാവുകയും ചെയ്യുക എന്നതിന്റെ അർത്ഥം നിങ്ങൾ ഒരിക്കലും അസൂയാലു ആവുകയില്ലെന്നും, ആരാലും കൈവശമാക്കപ്പെടുകയില്ലെന്നുമാണ്. മനസ്സ് അതെല്ലാം തൂത്തുവാരിക്കളയുമ്പോൾ നിങ്ങൾ സ്നേഹമെന്തെന്നറിയും; നിങ്ങൾക്ക് അതിനെ അന്വേഷിച്ച് പോകേണ്ടിവരികയില്ല.

നിങ്ങൾക്ക് സ്നേഹമെന്ന വാക്കിന്റെ അർത്ഥം മനസ്സിലായാൽ, നിങ്ങൾ അനിവാര്യമായും ചോദിക്കും: എന്താണ് മരണം? കാരണം, സ്നേഹവും മരണവും ഒരുമിച്ചുപോകുന്നു. മനസ്സിന്, എങ്ങനെ മരിക്കണമെന്ന് അറിയുന്നില്ലെങ്കിൽ, അതിന് സ്നേഹമെന്തെന്നറിയാൻ കഴിയില്ല. സ്നേഹം കാലബദ്ധമല്ല, അത് ഓർമ്മിക്കപ്പെടേണ്ട ഒരു കാര്യമല്ല. ആനന്ദത്തെ നിങ്ങൾക്ക് ഓർമ്മിക്കാനും പരിപോഷിപ്പിക്കാനും കഴിയില്ല; ആനന്ദം ക്ഷണിക്കാതെ വന്നെത്തുന്നു.

അപ്പോൾ മരണമെന്താണ്? മരണത്തെ – ആരെങ്കിലും മരിക്കുന്നതല്ല പക്ഷെ സ്വയം മരിക്കുന്നതിനെ – നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. നിങ്ങൾക്ക് ഏതെങ്കിലുമൊരു വസ്തുവുമായി താദാത്മ്യപ്പെടാതിരിക്കുക വളരെ പ്രയാസമായ കാര്യങ്ങളിലൊന്നാണ്. നമ്മിൽ പലരും, നമ്മുടെ വീടുമായും, വീട്ടുപ

# സത്യത്തിലേക്കുള്ള കവാടം

കരണങ്ങളുമായും, രാഷ്ട്രവുമായും, നമ്മളെപ്പറ്റിയുള്ള പ്രതീകവുമായും മാനസിക ഐക്യം പ്രാപിക്കുന്നു. നമ്മളേക്കാൾ വലുതായ വല്ലതുമായി നാം താദാത്മ്യം പ്രാപിക്കുന്നു. അത് വർഗ്ഗബോധമായിരിക്കാം, ദേശീയ ബോധമായിരിക്കാം. നിങ്ങൾ ഏതെങ്കിലും ഒരു പ്രത്യേക ഗുണവുമായി അല്ലെങ്കിൽ പ്രതീകവുമായി താദാത്മ്യം പ്രാപിക്കുന്നു. നിങ്ങൾ, ഫർണീച്ചർ, അറിവ്, അനുഭവങ്ങൾ, ടെക്നിക്കുകൾ, ശാസ്ത്രജ്ഞൻ അല്ലെങ്കിൽ എൻജിനീയർ എന്ന നിലയ്ക്കുള്ള സാങ്കേതികജ്ഞാനം എന്നിവയുമായി താദാത്മ്യപ്പെടാതിരിക്കുകയെന്നത്, എല്ലാത്തരത്തിലുമുള്ള ഏകീഭാവങ്ങളും അവസാനിപ്പിക്കുകയെന്നത്, ഒരുതരം മരണമാണ്. വല്ലപ്പോഴും നിങ്ങളിങ്ങനെ ചെയ്തുനോക്കുക; അപ്പോഴറിയാം അതിന്റെ അർത്ഥമെന്തെന്ന്! അതിൽ പാരുഷ്യമില്ല, ആശയറ്റ നിലയില്ല, നിരാശയില്ല; അതൊരു അസാധാരണമായ വികാരമാണ്. കാരണം, അപ്പോൾ മനസ്സ് നിരീക്ഷിക്കാൻ സ്വതന്ത്രമായതും അതിനാൽത്തന്നെ സജീവമായതുമാണ്.

നിർഭാഗ്യവശാൽ നാം മരണത്തെയും ജീവിതത്തെയും വേർതിരിച്ചിരിക്കുന്നു. ജീവിക്കാതിരിക്കലിനെയാണ് ജീവിതം എന്നു നാം വിളിക്കുന്നത്; ഇല്ലാതാകുന്നതിനെയാണ്, നാം ഭയപ്പെടുന്നത്. ഈ ജീവിക്കലെന്നതിന്, സൈദ്ധാന്തികമായല്ലാതെ യഥാർത്ഥമായി പരിശോധിച്ചാൽ, കണ്ണും ചെവിയും തുറന്ന് നിരീക്ഷിച്ചാൽ, അത് വെറും വ്യാജമായതും, ചെറുതും, നിസ്സാരവും, പൊള്ളയുമാണെന്ന് കാണാവുന്നതാണ്. നിങ്ങൾക്ക് റോൾസ് റോയ്സ് കാറുണ്ടായിരിക്കാം, വലിയ വീടുണ്ടായിരിക്കാം, സുന്ദരമായ പൂന്തോട്ടമുണ്ടായിരിക്കാം. എന്നാൽ നിങ്ങളുടെ ആന്തരികമായ ജീവിതം അവസാനിക്കാത്ത ഒരു യുദ്ധമാണ്; വൈരുദ്ധ്യങ്ങളും വിഭിന്നങ്ങളായ ആഗ്രഹങ്ങളും പലതരത്തിലുള്ള ആവശ്യങ്ങളും നിറഞ്ഞ നിരന്തര സമരമാണ്.

അതിനെയാണ് നാം ജിവിക്കുകയെന്ന് പറയുന്നത്. അതിനെയാണ് നാം പറ്റിപ്പിടിച്ചിരിക്കുന്നത്. അതിനെ ഇല്ലാതാക്കുന്ന എന്തിനേയും മരണമെന്നുപറയുന്നു - ഭൗതികശരീരം മരിക്കുന്നതും മരണമാണെങ്കിലും മരണത്തെ ഭയപ്പെടുന്നതിനാൽ നാം പലതരം വിശ്വാസങ്ങൾ പുലർത്തുന്നു. പുനർജന്മമടക്കമുള്ള വിശ്വാസങ്ങളെല്ലാം ഒരുതരം പലായനമാണ്. നിങ്ങൾ ഇപ്പോൾ എങ്ങനെ ജീവിക്കുന്നു എന്നതാണ് പ്രധാനം, അടുത്ത ജന്മത്തിലെന്താവുമെന്നതല്ല. മനസ്സിന് പൂർണ്ണമായും കാലമില്ലാതെ ജീവിക്കാൻ കഴിയുമോ എന്നതാണ് അടുത്ത ചോദ്യം. ഭൂതകാലത്തെ - ഇന്നലെയായ ഭൂതകാലം, ഇന്നിലൂടെ, നാളയെ രൂപപ്പെടുത്തുന്ന ഭൂതകാലത്തെ- മനസ്സിലാക്കണം. കാലത്തിന്റെയും പരിണാമത്തിന്റെയും പരിണിതഫലമായ മനസ്സിന് ഭൂതകാലത്തിൽനിന്ന് സ്വതന്ത്രമാകാൻ കഴിയുമോ? അതാണ് മരിക്കുകയെന്നത്. ഇതറിയാവുന്ന മനസ്സിനു മാത്രമേ ധ്യാനത്തിലെത്തിച്ചേരാൻ കഴിയൂ. ഇതൊക്കെ അറിയാതെ ധ്യാനിക്കാൻ ശ്രമിക്കുന്നത് ബാലിശമായ സങ്കല്പം മാത്രമാണ്.

ഉള്ളത് അല്ല സത്യം, എന്നാൽ ഉള്ളതിനെപ്പറ്റിയുള്ള ധാരണ സത്യത്തിലേക്കുള്ള കവാടം തുറക്കുന്നു. ഉള്ളതിനെ, നിങ്ങളെന്താണോ അതിനെ, നിങ്ങളുടെ ഹൃദയംകൊണ്ടും, മസ്തിഷ്കം കൊണ്ടും, വികാരംകൊണ്ടും യഥാർത്ഥത്തിൽ മനസ്സിലാക്കുന്നില്ലെങ്കിൽ, സത്യമെന്താണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയില്ല. ■

*"ബിയോണ്ട് വയലൻസ്" എന്ന പുസ്തകത്തിൽ നിന്ന്.*

*ഒന്നാം പേജിൽനിന്ന് തുടർച്ച*

# സത്യത്തിന്റെ സൗന്ദര്യം

പകരമായി മനസ്സോ കൈകളോ മെനഞ്ഞെടുത്ത ബിംബങ്ങളാണ് ഇപ്പോഴുള്ളത്. മതത്തിന്റെ ഏക താൽപര്യം മനുഷ്യന്റെ സമഗ്രപരിവർത്തനമാണ്; അതിനു ചുറ്റും നടന്നുകൊണ്ടിരിക്കുന്ന എല്ലാ സർക്കസ്സും വിഡ്ഢിത്തമാണ്. എത്ര സുന്ദരമായവയാണെങ്കിലും ക്ഷേത്രങ്ങളിലോ പള്ളികളിലോ മോസ്കുകളിലോ സത്യം കണ്ടെത്താൻ കഴിയാത്തതിന്റെ കാരണം അതാണ്. സത്യത്തിന്റെ സൗന്ദര്യവും കല്ലിന്റെ സൗന്ദര്യവും തികച്ചും വ്യത്യസ്തമായ രണ്ടു കാര്യങ്ങളാണ്. ഒന്ന് അളക്കാനാവാത്തവയിലേക്കുള്ള കവാടങ്ങൾ തുറക്കുന്നു. മറ്റേതാകട്ടെ മനുഷ്യനെ ബന്ധനസ്ഥനാക്കുന്നു. ഒന്നു സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്നെങ്കിൽ മറ്റേത് ചിന്തയാകുന്ന ബന്ധനത്തിലേക്കു നയിക്കുന്നു. കാല്പനികതയും വൈകാരികതവും മതത്തിന്റെ സ്വാഭാവത്തെത്തന്നെ തിരസ്ക്കരിക്കുന്നതാണ്. മതം ബുദ്ധിയുടെ ഒരു കളിപ്പാട്ടവുമല്ല. കർമ്മമേഖലയിലെ അറിവ് വസ്തുനിഷ്ഠമായും കാര്യക്ഷമമായും പ്രവർത്തിക്കുവാൻ അത്യാവശ്യമാണ്. എന്നാൽ അറിവ് മനുഷ്യന്റെ പരിവർത്തനത്തിനുള്ള ഉപാധിയല്ല. അറിവ് ചിന്തയുടെ ഘടനയാണ്. ചിന്തയാകട്ടെ, അവയെത്രത്തോളം പരിവർത്തിതവും വികസിതവുമായാലും അറിയപ്പെട്ടവയുടെ വിരസമായ ആവർത്തനം മാത്രമാണ്. അറിഞ്ഞതിലൂടെ ചിന്തയുടെ മാർഗ്ഗത്തിലൂടെ യാതൊരു സ്വാതന്ത്ര്യവും സംജാതമാവുകയില്ല.

പ്രഭാതസൂര്യന്റെ പ്രകാശത്തിൽ തുടുത്ത പച്ചനിറത്തോടെ തിളങ്ങുന്ന നെല്പാടങ്ങളുടെ വരമ്പിൽ, നീളമുള്ള ആ പാമ്പ് അനക്കമില്ലാതെ നീണ്ടുകിടന്നു. മിക്കവാറും അത് ശ്രദ്ധയില്ലാത്ത ഒരു തവളയ്ക്കായി കാത്തുകിടക്കുകയോ അല്ലെങ്കിൽ വിശ്രമിക്കുകയോ ആവും. തവളകൾ ഒരു ഇഷ്ടഭോജ്യമെന്ന നിലയിൽ യൂറോപ്പിലേക്കു കയറ്റി അയയ്ക്കപ്പെട്ടു തുടങ്ങിയിരുന്നു. ആ പാമ്പ് വളരെ നീളമുള്ളതും മഞ്ഞ നിറമാർന്നതും നിശ്ചലവും ആയിരുന്നു. അതിന്റെ നിറം ഏതാണ്ട് ഉണങ്ങിയ മണ്ണിന്റേതുതന്നെയായിരുന്നു. അതിനാൽ കാണാൻ അത്ര എളുപ്പമായിരുന്നില്ല. എന്നാൽ അതിന്റെ കറുത്ത കണ്ണുകളിൽ പകൽവെളിച്ചം തിളങ്ങി. അതിന്റെ കറുത്ത നാവുമാത്രം ഉള്ളിലേക്കും പുറത്തേക്കും ചലിച്ചുകൊണ്ടിരുന്നു. അതിന്റെ തലയുടെ പിന്നിൽ നിന്നിരുന്ന നിരീക്ഷകനെപ്പറ്റി അതിനു ബോധവാനാകാൻ കഴിയില്ലായിരുന്നു. ആ പ്രഭാതത്തിൽ മരണം എവിടെയും ഉണ്ടായിരുന്നു; ഗ്രാമത്തിൽ നിങ്ങൾക്കതു കേൾക്കാമായിരുന്നു തുണിയിൽ പൊതിഞ്ഞ ശരീരം വഹിക്കപ്പെടുമ്പോൾ ഉണ്ടായ ആ വലിയ ഗദ്ഗദങ്ങൾ. ഒരു ഗരുഡൻ ഒരു പക്ഷിയുടെ മേൽ പതിച്ചു. ഏതോ മൃഗം കൊല്ലപ്പെട്ടു; നിങ്ങൾക്ക് അതിന്റെ പ്രാണവേദനയോടെയുള്ള

# സത്യത്തിന്റെ സൗന്ദര്യം


കരച്ചിൽ കേൾക്കാമായിരുന്നു. അങ്ങനെ അത് ദിനംപ്രതി കടന്നു പോകുന്നു: മരണം എല്ലായ്പോഴും എല്ലായിടത്തും, ദുഃഖം പോലെ, നിലനില്ക്കുന്നു.

സത്യത്തിന്റെ സൗന്ദര്യവും അതിന്റെ സൂക്ഷ്മാംശങ്ങളും വിശ്വാസങ്ങളിലും തത്ത്വസംഹിതകളിലും ഉള്ളതല്ല. അതിന്റെ സൗന്ദര്യത്തിലേക്കു പാതയൊന്നുമില്ലാത്തതിനാൽ, മനുഷ്യനു തേടിപ്പിടിക്കാവുന്നിടത്തൊന്നുമല്ല അവ. അവ ഒരു നിശ്ചിത ബിന്ദുവിലോ അഭയസ്ഥാനത്തോ ഒന്നുമല്ല. അതിന് അതിന്റേതായ ആർദ്രതയുണ്ട്. അതിന്റെ സ്നേഹം അളക്കാനോ മുറുകെപ്പിടിക്കാനോ അനുഭവിക്കാനോ ആവുന്നതല്ല. ഉപയോഗിക്കുകയും മാറ്റിവയ്ക്കുകയും ചെയ്യാനാവുന്ന എന്തെങ്കിലും വ്യാപാരമൂല്യം അതിനില്ല. വിചാരകാര്യങ്ങളിൽ നിന്നു മുക്തമായ, ശൂന്യമായ മനസ്സും ഹൃദയവും ഉള്ളപ്പോൾ അത് അവിടെയുണ്ട്. സന്ന്യാസിയോ ദരിദ്രനോ ധനവാനോ അതിനോടു സമീപസ്ഥനല്ല. ബുദ്ധിജീവിക്കോ പ്രതിഭാശാലിക്കോ അതു സ്പർശനീയമല്ല. തനിക്കറിയാമെന്നു പറയുന്ന ആർക്കും അതിനോട് അടുക്കാൻ പോലും ആവില്ല. ലോകത്തിൽ നിന്ന് വളരെ അകലെ യായിരിക്കുക, അതേസമയംതന്നെ അതിൽ ജീവിക്കുകയും ചെയ്യുക.

വാളൻപുളിമരത്തിനു ചുറ്റും ആ പ്രഭാതത്തിൽ തത്തകൾ ചുറ്റിപ്പറന്ന് കളകളം പാടി. വളരെ നേരത്തെതന്നെ അവ അവയുടെ ചപലകർമ്മങ്ങളുമായി വന്നും പോയുമിരുന്നു. അവ തിളങ്ങുന്ന വർണ്ണരേഖകളും തുടുത്തു ചുവന്ന ചുണ്ടും ഉള്ളവയായിരുന്നു. അവ ഒരിക്കലും നേരെ പറക്കുന്നതായി കാണപ്പെട്ടില്ല. വളഞ്ഞും പുളഞ്ഞും കൂകിവിളിച്ചും ആയിരുന്നു അവയുടെ പറക്കൽ. വല്ലപ്പോഴും വരാന്തയുടെ അരമതിലിൽ അവ വന്നിരിക്കും. അപ്പോൾ നിങ്ങൾക്കവയെ നിരീക്ഷിക്കാം, എന്നാൽ വളരെ നേരമൊന്നും പറ്റില്ല. വീണ്ടും അവയുടെ ഉന്മത്തമായ ഒച്ചവച്ചുള്ള പറക്കലിലേക്ക് അവ മടങ്ങും. അവയുടെ ഏക ശത്രു മനുഷ്യനാണെന്നു തോന്നും. അവൻ അവയെ കൂട്ടിൽ പിടിച്ചിട്ടിരുന്നു. ■

*ഡയറിക്കുറിപ്പുകൾ എന്ന പുസ്തകത്തിൽ നിന്ന്*

## കൃഷ്ണമൂർത്തിയെ പരിചയപ്പെടുക





കൃഷ്ണമൂർത്തിയുടെ ഉദ്ബോധനങ്ങളുമായി പരിചയപ്പെടാൻ സഹായിക്കുന്ന ഒന്നാണ് ഈ സമാഹാരം. അദ്ദേഹത്തിന്റെ കൃതികളുമായി ഇതുവരെ പരിചയപ്പെട്ടിട്ടില്ലാത്തവരെ മുഖ്യമായും ഉദ്ദേശിച്ചുകൊണ്ടു തയ്യാറാക്കിയിട്ടുള്ളതാണ് ഇത്. ഓരോ മനുഷ്യനെയും നേരിടുന്ന നിത്യജീവിത പ്രശ്നങ്ങളും അവയോടു കൃഷ്ണമൂർത്തി കൈക്കൊള്ളുന്ന സമീപനരീതിയും വിശദമാക്കുക എന്നതാണ് രചനകൾ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം.

കൃഷ്ണമൂർത്തി തന്റെ ജീവിത ദർശനത്തിന്റെ കേന്ദ്രഭാവം വ്യക്തമാക്കിയിട്ടുള്ള പ്രസംഗങ്ങൾ, ചോദ്യോത്തരങ്ങൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, ഡയറിക്കുറിപ്പുകൾ, കത്തുകൾ, സംഭാഷണങ്ങൾ, ചർച്ചകൾ എന്നിങ്ങനെ പല വിഭാഗങ്ങൾ ഈ സമാഹാരത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉദ്ബോധനങ്ങളുടെ ഏറ്റവും അർത്ഥവത്തായ 1948 മുതൽ 1983 വരെയുള്ള കാലഘട്ടത്തിൽ പെടുന്നവയാണ് അവയെല്ലാം.

മനുഷ്യമനസ്സിന്റെ സംവിധാനക്രിയകൾക്കപ്പുറത്താണ്, രൂപവത്ക്കരിച്ചതോ സങ്കല്പിച്ചതോ ആയ അറിഞ്ഞിട്ടുള്ളതിന്റെ പരിധിക്കപ്പുറമാണ് സത്യമെന്നും സത്യത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ ആദ്യത്തെ കാൽവയ്പു അവസാനത്തെ കാൽവയ്പ്പാണെന്നും ആയിരുന്നു കൃഷ്ണമൂർത്തിയുടെ ദൃഢാഭിപ്രായം. പുതിയ തുടക്കം എന്നതിന് കൃഷ്ണമൂർത്തി സവിശേഷമായ അർത്ഥം കല്പിക്കുന്നതിനാൽ ജീവിതയാത്രയിൽ എല്ലാവരും തുടക്കക്കാരാണ്. ആ നിലയിൽ ഈ സമാഹാരം എല്ലാവരെയും ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്നു കരുതാം.

വിവർത്തനം: ഇ.കെ. പുരുഷോത്തമൻ. വില - Rs.120/-

## മുമ്പിലുള്ള ജീവിതം




കൃഷ്ണൂർത്തിയുടെ ജീവിതദർശനത്തിൽ വിദ്യാഭ്യാസത്തിനൊരു കേന്ദ്ര സ്ഥാനമുണ്ട്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും അദ്ദേഹം നൽകിയ പ്രഭാഷണങ്ങൾ ഉൾക്കൊള്ളുന്ന ആദ്യത്തെ പുസ്തകമായിരുന്ന "ലൈഫ് എഹെഡ്"- ന്റെ മലയാളം വിവർത്തനമാണ് "മുമ്പിലുള്ള ജീവിതം". നിങ്ങൾ വിദ്യാഭ്യാസം ചെയ്യുന്നതെന്തിനാണ്? നിങ്ങൾ സ്കൂളിലേക്കും കോളേജിലേക്കും പോകുന്നതെന്തിനാണ്? വിദ്യാഭ്യാസമെന്നു വിളിക്കപ്പെടുന്ന ഈ പ്രക്രിയ എന്താണ്? - ഇത്തരത്തിലുള്ള അനേകം ചോദ്യങ്ങൾ ഉന്നയിച്ച് കുട്ടികളേയും പ്രായം ചെന്നവരേയും അവർ സ്വന്തമായ് അന്വേഷണം നടത്തി ഉത്തരങ്ങൾ കണ്ടെത്താൻ കൃഷ്ണമൂർത്തി നിർദ്ദേശിക്കുന്നു.

വിവർത്തനം: ടി. ഗോപാലൻ. വില - Rs.125/-

*Published in September, January and May*
*Registered with the Registrar of Newspaper*
*for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org

*Published by Dr. V. Aravind on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 Greenways Road, Chennai–600 028.*
*Printed by N. Subramanian at Sudarsan Graphics Offset Press, 27 Neelakanta Mehta Street, T'Nagar, Chennai–600 017. Editor: K. Krishnamurthy*